# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3990 21.10.2016-ലെ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ അഴിമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. റോജി എം. ജോൺ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

(എ) തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ അഴിമതി അറിയിക്കുവാൻ ജനങ്ങൾക്ക് എന്തെങ്കിലും സംവിധാനം ഒരുക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ അഴിമതി സംബന്ധിച്ച വിവരങ്ങൾ, പൊതുജനങ്ങൾക്ക് സർക്കാർ/സ്ഥാപനമേധാവി/ വകുപ്പുമേധാവി/വിജിലൻസ് എന്നിവരെ അറിയിക്കാവുന്നതാണ്. കൂടാതെ വിവരാവകാശ നിയമപ്രകാരവും വിവരം ശേഖരിക്കാവുന്നതാണ്.

(ബി) നഗരസഭകളിലും, മുൻസിപ്പാലിറ്റികളിലും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിൽ അനാവശ്യമായ കാലതാമസം വരുത്തി അഴിമതിക്ക് കളമൊരുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) ഇത്തരം അഴിമതികൾ അവസാനിപ്പിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(സി) ഇത്തരം അഴിമതികൾ അവസാനിപ്പിക്കുവാൻ വേണ്ടി അനാവശ്യമായി കാലതാമസം വരുത്തുന്ന ഫയലുകൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മാസവും മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറും ചീഫ് എഞ്ചിനീയറും റിവ്യൂ മീറ്റിംഗ് നടത്തി നടപടി സ്വീകരിക്കുന്നുണ്ട്. സർക്കാർ തലത്തിൽ ഫയൽ അദാലത്ത് നടത്തിയും കാലതാമസം വരുത്തുന്ന ഫയലുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ നിലവിൽ ഓൺലൈൻ മുഖാന്തിരമാണ് സ്വീകരിച്ചുവരുന്നത്. ഓൺലൈൻ സംവിധാനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

Beena

**സെക്ഷൻ ഓഫീസർ**